പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4777 | | 26.06.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കുന്നതിലെ കാലതാമസം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ജോൺ ഫെർണാണ്ടസ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | 2016-2017, 2018, 2019 വർഷങ്ങളിൽ വിധവാ പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കായി സമർപ്പിച്ച അപേക്ഷകൾ അനുവദിച്ച് കിട്ടുന്നതിന് നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (എ) | അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങിൽ ലഭിക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം നിയമാനുസൃതം പെൻഷൻ അനുവദിക്കാവുന്നതാണോ എന്ന് അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച ശേഷമാണ് ഡാറ്റാ എൻട്രി നടത്തുന്നത്. സംസ്ഥാനത്ത് സാമൂഹ്യസുരക്ഷാ പെൻഷന് അർഹതയുള്ളവരുടെ പട്ടികയിൽ കടന്നുകൂടിയ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 25/05/2017 ലെ 460587/ധന നമ്പർ സർക്കുലർ പ്രകാരം ഡാറ്റാ എൻട്രി നടത്തുന്ന പ്രവർത്തി താത്കാലികമായി നിർത്തിവച്ചിരുന്നു. എന്നാൽ 06/07/2018-ലെ സ.ഉ.(എം.എസ്)നം.241/2018/ധന നമ്പർ ഉത്തരവ് പ്രകാരം നിലവിൽ സാമൂഹ്യസുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ പരിശോധനയും, പെൻഷൻ മാനദണ്ഡങ്ങളുടെ പരിഷ്കരണവും പുതിയ അ്പേക്ഷകർക്ക് ഡാറ്റാ എൻട്രി അനുവദിച്ചികൊണ്ടും ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പുതിയ അപേക്ഷകൾ ഡാറ്റാ എൻട്രി ചെയ്ത് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകളുടെ ബാഹുല്യം കൊണ്ടും മേൽപറയും പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തികരിക്കുന്നതിനും വേണ്ടിവരുന്ന സ്വാഭാവികമായ കാലതാമസം മാത്രമാണ് നേരിട്ടുള്ളത്. |
| (ബി) | ഈ കാലഘട്ടത്തിൽ കൊച്ചിൻ കോർപ്പറേഷൻ മുൻപാകെ എത്ര അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 23506 അപേക്ഷകൾ |
| (സി) | പ്രസ്തുത അപേക്ഷകളിൽ എത്ര പേർക്ക് പെൻഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് ഇനിയും അനുവദിക്കേണ്ടതായിട്ടുണ്ട് എന്നും വ്യക്തമാക്കാമോ; | (സി) | 13507 അപേക്ഷകർക്ക് പെൻഷൻ അനുവദിച്ചു. 8499 അപേക്ഷകർക്ക് പെൻഷൻ അനുവദിക്കേണ്ടതായിട്ടുണ്ട്. 1500 അപേക്ഷകൾ നിരസിച്ചു. |

| | | | |
|---|---|---|---|
| (ഡി) | നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവരുടെ പരിശോധനയും പെൻഷൻ മാനദണ്ഡങ്ങളുടെ പരിശോധനയും പെൻഷൻ മാനദണ്ഡങ്ങളുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് പുതിയ അപേക്ഷകരുടെ ഡാറ്റാ എൻട്രി താല്ക്കാലികമായി നിർത്തിവച്ചത് മൂലം പ്രസ്തുത അപേക്ഷകർക്ക് വിധവാ പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ മുൻകാല പ്രാബല്യത്തോടെ ലഭ്യമായിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | ഇതിന് കാരണമെന്താണെന്നും ഇത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും വിശദമാക്കാമോ; | (ഇ) | പുതിയ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ രേഖപ്പെടുത്തി സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്ത് അംഗീകരിക്കുന്ന തീയ്യതി മുതൽക്കാണ് ഒരു ഗുണഭോക്താവിന് പെൻഷന് തുക ലഭിക്കാൻ അർഹതയുള്ളത്. |
| (എഫ്) | ഇടകൊച്ചി ചക്കനാട് പടിക്കൽ വീട്ടിൽ പരേതനായ സുധീഷിന്റെ ഭാര്യ സുനിത 15/12/2016-ന് കൊച്ചി കോർപ്പറേഷൻ മുൻപാകെ വിധവാ പെൻഷനുവേണ്ടി സമർപ്പിച്ച അപേക്ഷയിൽ (റഫറൻസ് നമ്പർ 7621/16) എന്നാണ് തുക അനുവദിച്ചത്; | (എഫ്) | 2019 ഏപ്രിൽ |
| (ജി) | അനുവദിച്ച തുക എത്രയാണ്, എന്നു മുതൽക്കുള്ള തുകയാണ് അനുവദിച്ചിട്ടുള്ളത്, അനുവദിച്ച തുകയ്ക്ക് മുൻകാല പ്രാബല്യം ഉണ്ടോ; ഇല്ലെങ്കിൽ ടിയാൾക്ക് മുൻകാല പ്രാബല്യത്തോടെ തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ജി) | 2019 മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ 2300/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. മുൻകാല പ്രാബല്യം ഇല്ല. പുതിയ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ രേഖപ്പെടുത്തി സെക്രട്ടറി ഡിജിറ്റൽ സൈൻ ചെയ്ത് അംഗീകരിക്കുന്ന തീയ്യതി മുതൽക്കാണ് ഒരു ഗുണഭോക്താവിന് പെൻഷന് തുക ലഭിക്കാൻ അർഹതയുള്ളത്. |

Romeo[signature]

സെക്ഷൻ ഓഫീസർ